**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3029** **13-07-2022 - ൽ മറുപടിയ്ക്ക്**

**കരമന-വെള്ളറട റോഡിന്റെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആർ.ഐ.സി.കെ. വഴി നടപ്പിലാക്കുന്ന കരമന-വെള്ളറട റോഡിന്റെ പൂർത്തീകരണത്തിനുള്ള സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതി പൂർത്തീകരിയ്ക്കുന്നതിന് ധനവകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതിയും തുടർനടപടിയും വിശദമാക്കാമോ? | (എ) | കരമന-വെള്ളറട റോഡിന്റെ (35.5 Km)പുനരുദ്ധാരണ പ്രവൃത്തിക്കു വേണ്ടി ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട നടപടികൾ നടന്നു വരുന്നു. 15.02.2016 - ലെസ.ഉ(സാധാ) നം.355/2016/ പൊ.മ.വ പ്രകാരം കരമന-വെള്ളറട റോഡിന്റെ (8.375 ഹെക്ടർ) ഭൂമി ഏറ്റെടുക്കലിനായി 21.44 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. കരമന-വെള്ളറട റോഡ് 3 റീച്ച് ആയാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നത്. ആദ്യ റീച്ചായ (കരമന മുതൽ കുണ്ടമൺ കടവ് പാലം വരെ 0/000 to 5/500 Km) 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് റവന്യൂ വകുപ്പിൽ നിന്നും 19(1) പ്രസിദ്ധീകരിക്കേണ്ടതുണ്ട്. രണ്ടാമത്തെ റീച്ചായ കുണ്ടമൺ കടവ് മുതൽ ഞാറവിള 5/500 to 20/000 വരെയും, മൂന്നാമത്തെ റീച്ചായ ഞാറവിള മുതൽ വെള്ളറട 20/000 മുതൽ 35/500 Km വരെയും 11(1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പിൽ നിന്നും പ്രസിദ്ധീകരിക്കേണ്ടതുണ്ട്.<br><br>പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കിയ കരമന-വെള്ളറട റോഡിന്റെ 225.3 കോടി രൂപ ചെലവ് വരുന്ന ഡി.പി.ആർരണാനുമതി നൽകുന്ന വിഷത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായംആരാഞ്ഞിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനായി പ്രസ്തുത റോഡ് പ്രവൃത്തി കെ.ആർ.എഫ്.ബി - യ്ക്ക് കൈമാറുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ